ഉത്തരം

(എ)-(സി) പ്ളാന്റേഷൻ കോർപ്പറേഷനിൽ 6 വകുപ്പ് മേധാവികളുണ്ട്. അവരാരുംതന്നെ 8 കിലോമീറ്റർ പരിധിക്കുള്ളിലല്ല താമസിക്കുന്നത്.

(ഡി) 8 കിലോമീറ്റർ പരിധിക്കുള്ളിൽ താമസിക്കണമെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫീസേഴ്സ് റൂൾസിൽ വ്യവസ്ഥയില്ലാത്തതിനാൽ ആ പരിധിക്ക് പുറത്ത് താമസിക്കുന്നതിന് പ്രത്യേക അനുവാദം വാങ്ങേണ്ടതില്ല.

**159 (1891) പ്ലാന്റേഷൻ കോർപ്പറേഷനിലെ ക്വാർട്ടേഴ്സ്**

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പ്ലാന്റേഷൻ കോർപ്പറേഷൻ വകുപ്പു മേധാവികൾക്ക് താമസിക്കുവാൻ എത്ര ക്വാർട്ടേഴ്സുകൾ കോട്ടയത്ത് പണിതിട്ടുണ്ട്;

(ബി) അവയ്ക്ക് ഓരോന്നിനും എത്രരൂപ വീതം ചെലവായി; അവയിൽ ഓരോന്നിലും ആരൊക്കെ താമസിക്കുന്നു; എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നു;

(സി) ഈ ഓരോ ക്വാർട്ടേഴ്സിനും എത്ര സ്ക്വയർ അടി വിസ്തീർണ്ണം ഉണ്ട്; ഇവ ഓരോന്നും എത്ര ഫ്ളോറുകൾ വീതമാണ്; ഇപ്പോൾ നിലവിലുള്ള പ്രാദേശിക നിരക്കിൽ ഓരോ ക്വാർട്ടേഴ്സിനും എത്ര രൂപ വീതം വാടക നിശ്ചയിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് ക്വാർട്ടേഴ്സുകൾ പണിതിട്ടുണ്ട്.

(ബി) 1988-ൽ പണിത ക്വാർട്ടേഴ്സിന് 2,32,612 രൂപയും 1998 ൽ പണിത ക്വാർട്ടേഴ്സിന് 6,15,418 രൂപയും ചെലവായി. ഈ രണ്ട് ക്വാർട്ടേഴ്സുകളും ഒഴിഞ്ഞു കിടക്കുകയാണ്.

(സി) 1988-ൽ പണി തീർത്ത ക്വർട്ടേഴ്സിന് 2659 സ്ക്വയർ ഫീറ്റും 1998 ൽ പണി തീർത്ത ക്വാർട്ടേഴ്സിന് 2084 സ്ക്വയർഫീറ്റും വിസ്തീർണ്ണമുണ്ട്. രണ്ട് ക്വാർട്ടേഴ്സിനും രണ്ട് നിലകൾ വീതമുണ്ട്. ഇപ്പോൾ നിലവിലുള്ള പ്രാദേശിക നിരക്കിൽ ഓരോ ക്വാർട്ടേഴ്സിനും എത്ര രൂപ വീതം വാടക ലഭിക്കുമെന്ന് നിശ്ചയിച്ചിട്ടില്ല.

**160 (1892) പ്ലാന്റേഷൻ കോർപ്പറേഷനിലെ എം.ഡിയുടെ ക്വാർട്ടേഴ്സ്**

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ക്വാർട്ടേഴ്സ് പണിതിട്ടുണ്ടോ? എങ്കിൽ എം.ഡി. അവിടെ താമസിക്കുന്നുണ്ടോ? ഇല്ലാ എങ്കിൽ എവിടെ താമസിക്കുന്നു.;

(ബി) മാനേജിംഗ് ഡയറക്ടറിൽ നിന്നും വീട്ടു വാടക പിടിക്കുന്നുണ്ടോ? സർക്കാർ നിബന്ധന പാലിയ്ക്കുന്ന വിധത്തിലുള്ള ദൂര പരിധിയി

LIBRARY ARCHIVES Kerala Legislative Assembly